# Brethren Vision

ഹൈറേഞ്ചിൽനിന്നും പ്രസിദ്ധീകരിക്കുന്ന ഒരു ബ്രദറൺ വാർത്താമാസിക

2013 മെയ് | RNI No. KERMAL / 2008/25331 | www.brethrenvisions.com | പുസ്തകം 6, ലക്കം 5 | വില ₹ 7



**സുവി. ഷാജി ചീങ്കയിൽ** M.A. MTh
തടിയൂർ


**സംഘടനകൾ സഭകളെ നിയന്ത്രിക്കുമ്പോൾ സഭയിൽ ഓഫീസർമാർ വരും. സഭയുടെ കാഴ്ചപ്പാട് നഷ്ടപ്പെടും. വളർച്ചയില്ലാതാകും, പിന്നീട് ദൈവകോപത്തിനു പാത്രൻമാരായിത്തീരും. തീർച്ച. സംഘടനകൾ കെട്ടിപ്പൊക്കി സഭകളെ ഭരിക്കാൻ കാലൂന്നി നിന്നവർക്കു തളർവാതം പിടിപെട്ടതു ഏതു പ്രസംഗകന്റെ, പ്രവാചകന്റെ പ്രഭാഷണം കൊണ്ടാണ്? തൂലിക പടവാളായി ഉയർന്നില്ലായിരുന്നെങ്കിൽ സംഘടനകളുടെ മേൽക്കോയ്മയുടെ നുകം സഭകളുടെ മേൽ അമർന്നേനേ..**



# നമുക്കു എഴുതുന്നതും നിർത്തണമെന്നോ...?

> മഹാത്മജിയുടെ വാക്കുകൾ ശ്രദ്ധിക്കൂ: “ആവിഷ്കാര സ്വാതന്ത്ര്യവും തൂലികയുമാണ് സ്വരാജിന്റെ അടിത്തറ. ആ അടിക്കല്ല് അപകടത്തിലാണെങ്കിൽ നിങ്ങളുടെ എല്ലാ ശക്തിയും ചെലുത്തി അതിനെ നിങ്ങൾ പ്രതിരോധിക്കണം. അതുകൊണ്ട് സദാ ജാഗരൂകരായിരിക്കുക. മനുഷ്യാവകാശങ്ങൾ ലംഘിക്കപ്പെടുന്നിടത്ത് അതെത്ര ഉന്നതപഥത്തിൽ നിന്നായാലും പ്രതികരിക്കുക. പ്രതികരണം നിങ്ങളെ ശക്തനാക്കും. മറ്റുള്ളവർക്ക് പ്രചോദനമാകും. തെറ്റുകളുടെ, അനീതിയുടെ മുന്നിലുള്ള നിങ്ങളുടെ നിശ്ശബ്ദത അത് ചെയ്യുന്നവനു പ്രചോദനമാകും. തെറ്റുകളും അധർമ്മങ്ങളും വർദ്ധിക്കുന്നത് അതുകൊണ്ടാണ്. അതുകൊണ്ട് നിങ്ങൾ ഒരു മെഴുകുതിരിയാവണം. അങ്ങനെ ഓരോരുത്തരും ഓരോ ദീപനാളങ്ങളാകുമ്പോൾ അന്ധകാരം താനേ മാഞ്ഞുകൊള്ളും. ”



“ബ്രദറൺ പള്ളിയിൽ സുവിശേഷയോഗം” – മലയാള മനോരമ 2011 ജനുവരി 5-ന് തിരുവല്ലയിൽ ഒരു ബ്രദറൺ സഭ നടത്തിയ യോഗത്തെക്കുറിച്ചെഴുതിയ വാർത്തയുടെ തലക്കെട്ട് നോക്കൂ.

രണ്ടു വർഷം പിന്നിടുമ്പോൾ ഇതിന്റെ പിന്നാമ്പുറത്തു പ്രവർത്തിച്ചവർക്കു ആവശ്യത്തിനു വാതിൽ തുറന്നിട്ടുകൊടുത്തിരുന്നെങ്കിലുണ്ടാകാമായിരുന്ന അപകടം എത്രയെന്നു മനസ്സിലാക്കുക.

ഇന്നു നമ്മുടെ ബ്രദറൺ സഭാഹാളുകളെല്ലാം ബ്രദറൺ പള്ളികളെന്ന പേരിലറിയപ്പെട്ടേനെ. (നാം ഇതിനോടകം ചർച്ച് ആക്കിമാറ്റിയല്ലോ.) ബൈബിൾ സ്കൂളുകളിൽ എന്നെ പഠിപ്പിച്ച നമ്മുടെ ബ്രദറൺ ഗുരുക്കന്മാർ അന്നു പഠിപ്പിച്ചത് “Ecclessia ” സഭ എന്നാണ്. പള്ളി എന്നു പറഞ്ഞാൽ മഹാപാതകമെന്ന നിലയിൽ – Ek-kaleo എന്നീ ഗ്രീക്കുവാക്കുകൾക്ക് അർത്ഥം “വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടം” അതിന് അസംബ്ലി എന്ന പദമാണ് ഏറ്റവും യോഗ്യം. അതിനാൽ ബ്രദറൺ സഭ എന്ന പദം പോലും ഉപയോഗിക്കാതെ ബ്രദറൺ അസംബ്ലി എന്നതാണു യുക്തം. പക്ഷേ ഈ ദൈവദാസന്മാരൊക്കെ നവമത ബ്രദറൺകാരുടെ മുമ്പിൽ മുട്ടുമടക്കി നിശ്ശബ്ദരായിത്തീർന്നതെന്തുകൊണ്ട് എന്നു സംശയം. നമ്മുടെ കൺവൻഷൻ പ്രസംഗകർക്കു നാവടക്കം കെട്ടിയ മാതിരി! ഘോരഘോരം വരകീറി അക്ഷരം വ്യാഖ്യാനിക്കാൻ കഴിയുന്ന പ്രഭാഷക്കരാക്കെ പള്ളിക്കുമുമ്പിൽ കുമ്പിട്ടുനിന്നു. (നമുക്കും കിട്ടണം പണം.....!) പള്ളിയും പട്ടക്കാരും അയ്മേനികളും, തിരുവോസ്തിയും കുരിശും കൊന്തയും തിരുമേനിമാരുമൊക്കെ ആകാൻ കൊതിച്ചിറങ്ങിയവർ അപ്രത്യക്ഷരായതിന്റെ പിന്നിൽ ചങ്കൂറ്റത്തോടെ രംഗത്തിറങ്ങിയത് ഇവിടുത്തെ എഴുത്തുകാരും മനോധൈര്യമുള്ള ചുരുക്കം ബ്രദറൺ പത്രാധിപൻമാരുമാണ്. കാരണം അവർ ആരുടേയും പാദസേവകരോ സ്തുതിപാഠകൻമാരോ പണത്തിനു വേണ്ടി സുവിശേഷ കലാവിസ്ഫോടനങ്ങൾ നടത്തുന്നവരോ അല്ലല്ലോ. അവർ പണമിറക്കി പണിചെയ്യുന്നവർ. മറ്റുള്ളവർ പണംപോരട്ടെ... പോരട്ടെയെന്നു പറഞ്ഞ് ചെകുത്താന്റെയും ദൈവത്തിന്റെയും പിന്നാലെ പരക്കം പായുന്നവർ.... അവർ പഞ്ചപുശ്ച മടക്കി എവിടെയും മുട്ടുകുത്തും. (പലരും നമ്മെക്കുറിച്ച് പറയുന്നത് ശരി തന്നെയോ.... പ്രസംഗം മാത്രം... പ്രവൃത്തിയില്ല) പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജ്ജീവം എന്ന് യാക്കോബ് പറയുമ്പോൾ റോമാലേഖനത്തിലെ വിശ്വാസത്താൽ മാത്രമുള്ള രക്ഷയ്ക്കു മുഖ്യസ്ഥാനം കൊടുക്കുന്ന വേദശിരോമണികൾ.... ഇപ്പോൾ പറയുന്നു – എഴുതേണ്ട ആവശ്യമില്ലെന്ന്... മേനിക്കു വടിവൊത്തവരും വേണ്ടിവന്നാൽ രണ്ടെണ്ണം കൊടുക്കാൻ കഴിവുള്ള ക്വട്ടേഷൻകാരും കൂടെയുണ്ടെങ്കിൽ പറകയും വേണ്ട. കമ്മറ്റികളിൽ കയറിക്കൂടിയാൽ പിന്നെ ഭാരതമൊട്ടാകെയുള്ള ബ്രദറൺ സഭകൾ അവരുടെ തലയിലൂടെയാണു ഭരിക്കപ്പെടുന്നുവെന്നാണു മനോഭാവം. ഒരു റിട്ടയർമെന്റുരോഗമായി കമ്മറ്റിക്കൊതി മാറിയിരിക്കുന്നു. ഇതിനു അറുതി വരുത്തണമെങ്കിൽ ഒരാൾ ഒരു കമ്മറ്റിയിൽ മാത്രം എന്ന ചിന്തയെങ്കിലും നമ്മെ ഭരിക്കേണ്ടതാണ്. ഫണ്ടുകളുടെ മറവിലും സംഘടനകളുടെ മറവിലും സഭാമധ്യത്തിൽ വളർന്നുവരുന്ന പൊളിട്രിക്സുകൾ കണ്ടില്ലെന്നു നടിക്കാനാവില്ല. ഏതെങ്കിലും ഒരു കമ്മറ്റിയിൽ കടന്നുകൂടിയാൽ ആജീവനാന്തം അഥവാ മരണക്കിടക്കവരെ അതിൽ തുടരുന്ന പ്രവണത അപലപനീയമാണ് ബ്രദറൺ സഭകളിൽ അനാത്മീകരും കമ്മറ്റിക്കൊതിയൻമാരും കുടിലുകെട്ടി വാഴുന്നുവെങ്കിൽ പ്രവാചകൻമാരേ, നിങ്ങൾ എവിടെ?...അവരുടെ പിന്നിൽ ഓശാന പാടി കിട്ടുന്ന പണംകൊണ്ട് കൊട്ടാരം പണിതും പുതുമോഡൽ വാഹനങ്ങളിൽ ഉല്ലാസ സവാരി നടത്തിയും നിങ്ങളുടെ സമ്പത്ത് വർദ്ധിപ്പിക്കാനല്ലേ നിങ്ങൾ ശ്രമിച്ചിട്ടുള്ളൂ. അവരുടെ പത്രമായി വിലസുകയല്ലേ നിങ്ങൾ... എഴുത്തുകാർ എഴുത്തു നിർത്തിയാലുള്ള അപകടങ്ങൾ നാം മനസ്സിലാക്കുക.

സംഘടനകൾ സഭകളെ നിയന്ത്രിക്കുമ്പോൾ സഭയിൽ ഓഫീസർമാർ വരും. സഭയുടെ കാഴ്ചപ്പാട് നഷ്ടപ്പെടും. വളർച്ചയില്ലാതാകും, പിന്നീട് ദൈവകോപത്തിനു പാത്രൻമാരായിത്തീരും. തീർച്ച. സംഘടനകൾ കെട്ടിപ്പൊക്കി സഭകളെ ഭരിക്കാൻ കാലൂന്നി നിന്നവർക്കു തളർവാതം പിടിപെട്ടതു ഏതു പ്രസംഗകന്റെ, പ്രവാചകന്റെ പ്രഭാഷണം കൊണ്ടാണ്? തൂലിക പടവാളായി ഉയർന്നില്ലായിരുന്നെങ്കിൽ സംഘടനകളുടെ മേൽക്കോയ്മയുടെ നുകം സഭകളുടെ മേൽ അമർന്നേനേ... എഴുത്തുകാർ എഴുത്തു നിർത്തണമെന്നോ!

മ്യൂസിക് ഫെസ്റ്റ് എന്ന പേരിൽ തന്നെ ഒരു വ്യാജഭാവം കാണുവാൻ കഴിയും. 5 ലക്ഷം രൂപ മുടക്കിയിട്ട് ഒരു സ്ഥലം സഭ സ്ഥാപിക്കാൻ ഇടയായിട്ടില്ല. ഒരു സുവിശേഷബന്ധംപോലും ഉണ്ടായിട്ടില്ല. സുവിശേഷമറിയിക്കാൻ ചെലവുകുറഞ്ഞ എത്രയോ മാർഗ്ഗങ്ങളുണ്ട് –നിയോഗത്തിൽ ബ്രദർ എം.വി. ബാബു എഴുതി.

ഫെസ്റ്റ് എന്നാൽ ഉത്സവച്ഛായ അതിലില്ലേ. നമുക്കു ഉത്സവം ആചരിക്കാൻ പാടുണ്ടോ? അതിന്റെ പരിണിത ഫലമല്ലേ പാവകളിയും നോൺസ്റ്റോപ്പ് (ഫ്യൂഷൻ സോംങ്സ്) ഗാനങ്ങളും – ബ്രദറൺ വിഷനിൽ ഇതിനെതിരെ പ്രതിശബ്ദം ഉണ്ടായില്ലേ. പ്രസംഗകരും മാന്യരുമായ ദൈവദാസൻമാരേ നിങ്ങൾ സ്റ്റേജുകളിലിരുന്നു കരഘോഷമുയർത്തുകയല്ലേ പഴയകാല തലമുറകൾ ഒരിക്കലും അനുവദിക്കാത്ത ഈ പ്രവണതകളിൽ! ഇതു വളർത്തിക്കൊണ്ടുവന്നാൽ ബ്രദറൺ സഭകൾതോറും അടുത്ത തലമുറ വാർഷിക ഉത്സവങ്ങളും അഭിനയകലാ പരിപാടികളും ആഘോഷമാക്കി മാറ്റുകയില്ലേ... എഴുത്തുകാർ എഴുതേണ്ടെന്നാണോ നിങ്ങൾ പറയുന്നത്?

മഹാത്മജിയുടെ വാക്കുകൾ ശ്രദ്ധി


(ശേഷം 3-ാം പേജ്.)


## കെ.ഇ.എം. ഫണ്ടിന് പുതിയ ഭാരവാഹികൾ

നമ്മുടെ മധ്യത്തിലെ സുവിശേഷകന്മാരെ സഹായിക്കുന്നതിന് വളരെ പ്രാർത്ഥനാപൂർവ്വം 1943-ൽ രൂപം എടുത്തതാണ്. കെ.ഇ.എം. ഫണ്ട്. ഏതാണ്ട് 69 വർഷങ്ങളായി സുവിശേഷത്തിന്റെ അഭിവൃദ്ധിക്ക് ഒരളവുവരെ സഹായമായി പ്രവർത്തിക്കുവാൻ സർവ്വകൃപാലുവായ ദൈവം ഇടയാക്കിയതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. കേരളത്തിലും വിവിധ സംസ്ഥാനങ്ങളിലുമുള്ള മലയാളികളും അല്ലാത്തവരുമായ 800-ൽ അധികം സുവിശേഷകന്മാരെ രണ്ടു മാസത്തിലൊരിക്കൽ ദൈവം തന്റെ മക്കളിൽകൂടി നൽകുന്ന ഔദാര്യ ദാനങ്ങളാൽ സഹായിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞ ദീർഘവർഷങ്ങൾ ഈ ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുത്ത അനേക ദൈവമക്കൾ ഇപ്പോൾ കർത്തൃസന്നിധിയിൽ വിശ്രമിക്കുന്നു.

ബഹുമാന്യനായ സഹോ. പോൾ കെ.തോമസ് നിത്യതയിൽ പ്രവേശിച്ചതിനെ തുടർന്ന് സഹോ. തോമസ് ചാണ്ടി സെക്രട്ടറിയായും മൂന്നു സഹോദരന്മാർ ജോയിന്റെ സെക്രട്ടറിമാരുമായി 18 അംഗങ്ങൾ അടങ്ങിയ ഒരു കമ്മറ്റിയാണ് ഫണ്ടിന് നേതൃത്വം വഹിച്ചു വന്നിരുന്നത്. തുടർന്ന് 2013 ഏപ്രിൽ മുതൽ ഈ പ്രവർത്തനത്തിന് നേതൃത്വം കൊടുക്കുവാൻ പുതിയതായി ചില സഹോദരന്മാരെ കമ്മറ്റി ചുമതലപ്പെടുത്തിയിരിക്കുകയാണ്. നിലവിലുള്ള ജോയിന്റ് സെക്രട്ടറി സഹോ. പി.ഇ. സാംകുട്ടിയെ (കുമ്പനാട്) സെക്രട്ടറിയായും സഹോദരന്മാരായ മത്തായി വറുഗീസ് (തിരുവനന്തപുരം) ഡോ.സി.എസ്. ഏബ്രാഹം (കുറിയന്നൂർ) എന്നിവരെ ജോയിന്റു സെക്രട്ടറിമാരായും ഏകാഭിപ്രായത്തിൽ ചുമതലപ്പെടുത്തിയ വിവരം പ്രാർത്ഥനയ്ക്കും സഹകരണത്തിനുമായി അറിയിക്കുന്നു.

ഈ ശുശ്രൂഷയ്ക്ക് എല്ലാ സഭകളുടെയും ദൈവമക്കളുടെയും സഹകരണവും, പ്രാർത്ഥനയും തുടർന്നും അഭ്യർത്ഥിക്കുന്നു. എഴുത്തുകുത്തുകൾക്കും സംഭാവന അയയ്ക്കുന്നതിനുമുള്ള വിലാസം താഴെ ചേർക്കുന്നു. (ബാങ്ക് അക്കൗണ്ടിൽ വന്നിരിക്കുന്ന വ്യത്യാസം ശ്രദ്ധിക്കുമല്ലോ.)

എന്ന്, കെ.ഇ.എം. ഫണ്ട് കമ്മറ്റിക്കു വേണ്ടി, പി.ഇ. സാംകുട്ടി.

വിലാസം : P.E.Samkutty, Melathethil, P.O. Box, 38, Kumbanad P.O. 689547, Kerala. Tel: 0469 2663481(O) 0469-2664712 (R), 9495204611 (M). Email : melathethils@yahoo.com, kemfund@gmail.com.

Bank A/c :Indian Overseas Bank, Kumbanad SB 10202, SB A/c No. 0436010000 10202. IFSC Code No. IOB A 0000436, Swift Code IOB AIN BB 001

Foreign Currency Contribution, Indian Overseas Bank, Kottayam Ac/ o. SB 10324 (0040010000 10324), Swift IOB AIN BB 024

(N.B : Indian Overseas Bank, Kottayamത്ത് നിലവിലുള്ള SB A/c No. 10202 തൽക്കാലം തുടരുന്നതാണ്)

# എഴുത്തുകൾ നിർത്തൂ..!!




**എസ്. സഞ്ജീവ്**
കൂത്താട്ടുകുളം





ഏതാനും മാസങ്ങൾക്കു മുമ്പ് പ്രധാനപ്പെട്ട ഒരു വേദിയിൽ കേട്ടതാണ് നമ്മുടെ തലക്കെട്ട്. നമ്മുടെ പല ആനുകാലികങ്ങളിലും പ്രത്യക്ഷപ്പെടുന്ന ലേഖനങ്ങളുടെ പൊതുസ്വഭാവം ഉൾക്കൊണ്ടായിരിക്കാം പ്രസ്താവന നടത്തിയ മാന്യദേഹം അങ്ങനെ ചെയ്തത്. എഴുത്തുകാരായ ഞങ്ങൾ അതംഗീകരിക്കുകയും ആ വാക്കുകളെ ആദരിക്കുകയും ഉദ്ദേശശുദ്ധിയെ അഭിനന്ദിക്കുകയും ചെയ്യുന്നു. നമ്മുടെ പല എഴുത്തുക്കളിലും കാണുന്ന വിമർശനാത്മകമായ വസ്തുതകൾ യാഥാർത്ഥ്യമാണെങ്കിലും അതു വെളിപ്പെടുത്തുന്ന ഭാഷകളും പ്രയോഗങ്ങളും ഉചിതമായ നിലയിലല്ല എന്ന യാഥാർത്ഥ്യത്തെ ഉൾക്കൊള്ളേണ്ടതോടൊപ്പം എഴുത്തുകൾ കൊണ്ട് ഒരു പ്രയോജനവുമില്ല എന്നും എന്തു കണ്ടാലും കേട്ടാലും അതൊക്കെ പ്രസംഗിക്ക മാത്രമേ ആകാവൂ എന്നതിനോടും എഴുതുന്നതിൽ മാത്രം വിയോജിക്കുന്നതിനോടും യോജിക്കാനാകില്ല.

നമ്മുടെ മധ്യത്തിലെ പ്രസ്ഥാനങ്ങളിലെ സഭകളിലെ പല അപചയങ്ങളും എഴുത്തുകാരുടെ ശ്രമഫലമായി കുറച്ചെങ്കിലും ഭേദപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ടെന്നത് ചരിത്രം പരിശോധിക്കുന്നവർക്കും നിഷ്പക്ഷബുദ്ധികൾക്കും ബോധ്യമാകും.

സഭകളിലായാലും പ്രസ്ഥാനങ്ങളിലായാലും നേതൃത്വനിരയിലുള്ള നേതാക്കളി (ശുശ്രൂഷകന്മാർ) ലായാലും വചനപരവും നിയമപരവും സാന്മാർഗികമായും കാണുന്ന വസ്തുതകളെ പൊതുജനമധ്യത്തിൽ തുറന്നുകാണിക്കുന്നത് (വ്യക്തിപരമായ പരാമർശനങ്ങൾ ഒഴിവാക്കേണ്ടതുള്ളതു തന്നെയാണ്) അവരെ അപമാനിക്കയെന്ന ലക്ഷ്യത്തിലല്ല ചെയ്യുന്നത്. പിന്നെയോ അവ ക്രമീകരിക്കപ്പെടണം എന്നും അങ്ങനെയുള്ളവരെ സൂക്ഷിക്കുന്നതിനുമായി ദൈവജനത്തെ ബോധ്യപ്പെടുത്തുക മാത്രമാണ് ഉദ്ദേശ്യം.

> **ആത്മീയ വീക്ഷണവും അഭിവൃദ്ധിയും ലക്ഷ്യമാക്കിയുള്ള എഴുത്തുകാരും പ്രസംഗകരും നമുക്കുണ്ടാകട്ടെ. ക്രിസ്തീയ എഴുത്തുകാർ യാതൊരു പ്രതിഫലവും അതിന്റെ പേരിൽ വാങ്ങാതെയാണീ ശുശ്രൂഷ ചെയ്യുന്നതൊന്നും മറന്നുകൂടാ. അതു തിരിച്ചറിയുന്നതിനു പകരം നിർത്തുവാൻ ആവശ്യപ്പെടുന്നത് നിരർത്ഥകമാണ്. വിമർശനത്തെ എതിർക്കുന്നത് ഭീരുത്വമാണ്.**

നിസ്സാരമായ കാര്യങ്ങളിൽ കാണിച്ച ശാഠ്യത്തിന്റെ പേരിൽ ദൈവസഭയെ രണ്ടുംമൂന്നും കഷണങ്ങളാക്കുകയും അവരിൽ നല്ലൊരു പങ്കിനെ ദുരുപദേശ സംഘടനകളിലേക്കു പോകാൻ കാരണമാകയും ചെയ്തിട്ട് ആത്മാഭാരത്തിന്റെ തിരത്തള്ളലിൽ വിശ്രമരഹിതമായി പ്രസംഗം നടത്തുകയും, വിശ്വാസികളുടെ ആത്മീകാഭിവൃത്തി ലക്ഷ്യമാക്കി പഠിപ്പിക്കാൻ നടക്കയും ചെയ്യുന്ന കപടവേഷധാരികളെ ജനം തിരിച്ചറിയേണ്ടയോ? വചനം എടുത്തുകൊണ്ട് കർത്താവിന്റെ വരവിനെക്കുറിച്ചു വ്യാജപ്രവചനം നടത്തുന്നവരെ ജനം മനസിലാക്കണ്ടേയോ? വ്യാജപ്രസ്ഥാനങ്ങളെ ജനം തിരിച്ചറിയേണ്ടയോ? സർവ്വാദരണീയരായ ചിലർ സദുദ്ദേശത്തോടും വ്യക്തമായ നിയമാവലികളോടും കൂടി ആരംഭിച്ച പല ആത്മീയ പ്രസ്ഥാനങ്ങളും ഇന്നു നേതാക്കന്മാർ ചമയാനും


(ശേഷം 4-ാം പേജ്.)

## പത്രാധിപലേഖനം / Editorial

# പ്രസ്താവനകൾ ബാലിശമാകരുത്

ജോസ് ഫിലിപ്പ്, വെട്ടൂർ

**ഈ** അടുത്ത സമയത്ത് നമ്മുടെ മധ്യത്തിലെ അൽപം പ്രസിദ്ധനായ ഒരു പ്രഭാഷകൻ പ്രഭാഷണമദ്ധ്യേ എഴുത്ത് നിരർത്ഥകമാണെന്നും അതുകൊണ്ട് പ്രയോജനം ഒന്നും ഉണ്ടാകുന്നില്ല എന്നും പ്രസ്താവിക്കുകയുണ്ടായി. ഭൂതഭാവിയെ സംബന്ധിച്ചുള്ള ദർശനം നഷ്ടപ്പെട്ടു വർത്തമാന കാലത്തിന്റെ ഏതോ ബിന്ദുവിൽ ബന്ധനസ്ഥനായ ഒരുവന്റെ ജൽപനമായേ ഇതിനെക്കാണുവാൻ കഴിയുകയുള്ളൂ. അക്ഷരങ്ങൾ മനുഷ്യ മനസ്സുകളിൽ വരുത്തിയിട്ടുള്ള പരിവർത്തനം എത്ര ബൃഹത്താണ്. വിദേശ, സ്വദേശ മിഷനറിമാർ മലയാള ഭാഷയ്ക്ക് നൽകിയ സംഭാവനകൾ വിദ്യാഭ്യാസ മണ്ഡലത്തിലെ പരിവർത്തനങ്ങൾ ആദ്ധ്യാത്മിക മണ്ഡലത്തിലെ പൊളിച്ചെഴുത്ത് എല്ലാം തന്നെ എന്നു പറയുവാൻ കഴിയുകയില്ലെങ്കിലും, അക്ഷരങ്ങളിൽ കൂടിയായിരുന്നു. ചരിത്രബോധത്തിന്റെ അഭാവമാണ് എഴുത്തിനെ നിസ്സാരവൽക്കരിച്ചു കാണുവാൻ പ്രേരകമാക്കുന്നത്.

ഈ അടുത്ത സമയത്ത് നമ്മുടെ മദ്ധ്യത്തിൽ ഊക്കോടെ ഉയർന്നുവന്ന ഒട്ടനവധി അനാത്മികമായ പ്രവണതകളെ ചെറുത്തുതോൽപ്പിച്ചത് വചനത്തിന്റെ കാവലാളൻമാരെന്ന് കരുതിയിരുന്നവരല്ല മറിച്ച് എഴുത്തുകാരുടെ കൂട്ടായമയാണ്. അതുകൊണ്ടു വ്യക്തിപരവും, സാമൂഹികവും രാഷ്ട്രീയപരവും ആയ ദുരന്തങ്ങളുടെ ഭൂമികയിൽ അക്ഷരത്തിൽക്കൂടിയും പ്രഭാഷണത്തിൽക്കൂടിയും, മൃദുകര സ്പർശനത്തിൽക്കൂടിയും ഒരു ജനതയെ മോചിപ്പിക്കുവാൻ നമുക്ക് ഒരുമിയ്ക്കാം.

ആശയവിനിമയത്തിനുള്ള സാധ്യതയാണ് ഒരു ജനതയെ സാർത്ഥകമായ സമൂഹമായി മാറ്റുന്നത്. ആദ്യകാലത്ത് ആശയവിനിമയം സാധ്യമാക്കിക്കൊണ്ടിരിക്കുന്നത് സംഭാഷണത്തിൽക്കൂടിയായിരുന്നു. വ്യക്തികളുടെ സാമീപ്യത്തിൽക്കൂടി മാത്രമേ അത് നടപ്പായിരുന്നുള്ളൂ. എന്നാൽ വിദൂരസ്ഥരായ വ്യക്തികൾ തമ്മിലും വിദൂരകാലഘട്ടങ്ങൾ തമ്മിലും സംവദിക്കേണ്ടി വന്നപ്പോൾ അതിനൊരു സങ്കേതം ആവശ്യമായിവന്നു. ലിഖിത വിദ്യ അങ്ങനെയാണ് സാധ്യമായി വന്നത്. ശ്രവ്യമായ ഭാഷാ ശബ്ദങ്ങളെ ദൃശ്യവത്കിക്കുവാനുള്ള മനുഷ്യ പ്രയത്നത്തിന്റെ ഫലമാണ് എഴുത്തുവിദ്യ. മനുഷ്യനു ലഭിച്ച ഏറ്റവും വലിയ സിദ്ധിയായി ഭാഷയെയും അതിന്റെ വിന്യസിക്കലിനേയും കാണണം.

എന്നാൽ ഞാൻ എന്തിനെഴുതുന്നു? എന്ന ചോദ്യം വളരെ പ്രസക്തമാണ്. മിക്ക ആനുകാലികങ്ങളിലും ഫോട്ടോഗ്രാഫ് ചെയ്യപ്പെട്ട് കാമ്പില്ലാത്ത, അനുഭവ സാന്ദ്രമല്ലാത്ത, പുതുമയുടെ ഗന്ധം ഇല്ലാത്ത, ആവർത്തന വിരസതയുള്ള എഴുത്തുകൾ പ്രശസ്തിയല്ലാതെ പ്രഭാഷകൻ പറഞ്ഞതുപോലെ ഗുണമൊന്നും ചെയ്യുകയില്ല. താൻ ജീവിക്കുന്ന കാലത്തോടു ഹൃദയപൂർവ്വം സംവദിക്കാത്ത ഒരു എഴുത്തുകാരനും തന്റെ കർത്തവ്യം നിറവേറ്റുന്നില്ല. നമ്മുടെ മധ്യത്തിലെ അനാത്മികമായ പ്രവണതകളെ തൊടാതെ സുവിശേഷത്തിന്റെ മറവിൽ തടിച്ചുകൊഴുക്കുന്ന വ്യക്തികളുടേയും പ്രസ്ഥാനങ്ങളുടേയും കുഴലൂത്തുകാരായി എഴുത്തുകാരനും ആനുകാലികങ്ങളും മാറിയെങ്കിൽ തീർച്ചയായും എഴുത്തുവിദ്യ പ്രയോജനത്തേക്കാൾ ദോഷമാണ് ചെയ്യുന്നത്. നിരന്തരമായ പഠനവും ധ്യാനവും അനുഭവ സമ്പത്തുമാണ് അക്ഷരങ്ങളെ ജീവസ്സുറ്റതാക്കിത്തീർക്കുന്നത്. ഈ അടുത്ത സമയത്ത് നമ്മുടെ മദ്ധ്യത്തിൽ ഊക്കോടെ ഉയർന്നുവന്ന ഒട്ടനവധി അനാത്മികമായ പ്രവണതകളെ ചെറുത്തുതോൽപ്പിച്ചത് വചനത്തിന്റെ കാവലാളൻമാരെന്ന് കരുതിയിരുന്നവരല്ല മറിച്ച് എഴുത്തുകാരുടെ കൂട്ടായമയാണ്. അതുകൊണ്ടു വ്യക്തിപരവും, സാമൂഹികവും രാഷ്ട്രീയപരവും ആയ ദുരന്തങ്ങളുടെ ഭൂമികയിൽ അക്ഷരത്തിൽക്കൂടിയും പ്രഭാഷണത്തിൽക്കൂടിയും, മൃദുകര സ്പർശനത്തിൽക്കൂടിയും ഒരു ജനതയെ മോചിപ്പിക്കുവാൻ നമുക്ക് ഒരുമിയ്ക്കാം.

## പ്രാർത്ഥനയ്ക്ക്

**ഹരിയാന**: ഭിവാനിയിലെ സുവിശേഷകൻ കെ.കെ.തങ്കച്ചൻ മഞ്ഞപ്പിത്തം, പിത്തസഞ്ചിയിൽ കല്ല് തുടങ്ങിയ രോഗങ്ങളാൽ ഭാരപ്പെട്ട് ചികിത്സയിൽ കഴിയുന്നു. ഒരു ഓപ്പറേഷൻ വേണമെന്ന് ഡോക്ടർമാർ പറയുന്നു. ദൈവജനത്തിന്റെ വിലയേറിയ പ്രാർത്ഥന അപേക്ഷിക്കുന്നു.

വിലാസം : P.O.Box. 13, Bhivani P.O. Hariyana - 127021, Mob : 01664251229, 09416523126

## ബ്രദറൺവിഷൻ മാസിക വരിസംഖ്യാ നിരക്കുകൾ

| | | |
|---|---|---|
| ഇന്ത്യയിൽ | 1 വർഷത്തേക്ക് | 80 രൂപ |
| ഇന്ത്യയിൽ | ആയുഷ്കാലം | 1000 രൂപ |
| **വിദേശത്തേക്ക്** | | |
| യു.എസ്.എ | 1 വർഷത്തേക്ക് | 30 ഡോളർ |
| ഗൾഫ് | 1 വർഷത്തേക്ക് | 1000 രൂപ |
| യു.കെ | 1 വർഷത്തേക്ക് | 25 പൗണ്ട് |

**വാർത്തകൾ, ലേഖനങ്ങൾ, കത്തുകൾ, വരിസംഖ്യ, സംഭാവന എന്നിവ അയയ്ക്കേണ്ട വിലാസം**

K.S Gopalakrishnan (Chief Editor)
Brethren Vision, Post Box-2, Vagamon P.O,
Idukki (Dist). Kerala - Pin 685 503
Ph:0485 - 2870353, Mob: 9400180373

*E-mail:brethrenvision@yahoo.com,*
*Website:www.brethrenvisions.com*

**ബ്രദറൺ ആത്മീക ചലനചരിത്രം** തുടർച്ച — കെ.എം.എബ്രഹാം

# ബ്രദറൺ ആത്മീക ചലനം കേരളത്തിൽ

**ശ്രീ.** പി.ഇ.മാമ്മൻ ആദ്യമായി സ്നാനശുശ്രൂഷ നിർവഹിച്ചത് ആറന്മുള സത്രക്കടവിന് അടിവശത്തായിരുന്നു. സമുദായസ്ഥർ തടസ്സം സൃഷ്ടിക്കാൻ ഒരുങ്ങി എങ്കിലും നാട്ടുകാരുടെ സഹായത്തിന് പരമകാരുണികനായ ദൈവം വഴിയൊരുക്കി. അതിനാൽ സ്നാന ശുശ്രൂഷ വൈഷമ്യം കൂടാതെ നടന്നു. പി.ഇ. മാമ്മൻ തന്റെ പ്രവർത്തനം കായംകുളം, കൃഷ്ണപുരം, കൊട്ടാരക്കര, പത്തനാപുരം, അടൂർ എന്നീ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിച്ചു. മാമ്മനച്ചൻ ഈ സ്ഥലങ്ങളിൽ മാറിമാറി താമസിച്ചും ഇതര സ്ഥലങ്ങൾ സന്ദർശിച്ചും വിശ്വാസികളെ ഉപദേശത്തിൽ ഉറപ്പിച്ചും സുവിശേഷം അറിയിച്ചും പോന്നു ഇങ്ങനെ പുതിയ നിയമ ഉപദേശത്തിന്റെ തണലിൽ സ്ഥലം സഭകൾ വർദ്ധിച്ചു വന്നു.

**ഹാൻഡ്ലി ബോർഡും മിഷനറിമാരും**

മി. നാഗൽ കേരളത്തിൽ ഉണ്ടായിരുന്ന അതേ കാലഘട്ടത്തിൽ ഇന്ത്യയിൽ എത്തിയ മറ്റൊരു ബ്രദറൺ മിഷ്യനറിയായിരുന്നു. മി. ഹാൻഡ്ലി ബേർഡ്, സായിപ്പ് കേരളത്തിൽ കേന്ദ്രീകരിച്ചല്ല പ്രവർത്തിച്ചത്. തമിഴ്നാട്ടിലും കർണാടകത്തിലും ആന്ധ്രാപ്രദേശത്തും മഹാരാഷ്ട്രയിലും തന്റെ വേല വ്യാപിച്ചു കിടക്കുന്നു. കേരളത്തിലും ബേർഡ് സായിപ്പു കടന്നുവന്നു. ഇവിടെ അതിനകം ആരംഭിച്ച ബ്രദറൺമാരുടെ ശുശ്രൂഷയെ ഫലകരമായി സഹായിച്ചുപോന്നു.

ബേർഡ് സായിപ്പ് തന്റെ ശുശ്രൂഷ ആരംഭിച്ചത് ഇംഗ്ലണ്ടിൽ ആണ്. ഇംഗ്ലണ്ടിൽ ആരംഭിച്ച ബ്രദറൺ മൂവ്മെന്റിൽ ആകൃഷ്ടനായി അവിടെ അനാഥശാല ആരംഭിച്ച വിശ്വാസ വീരനായിരുന്ന ജോർജ്ജ്മുള്ളറിന്റെ അനാഥശാലയിലെ സണ്ടേസ്കൂൾ അദ്ധ്യാപകനായി കർത്താവിന്റെ വേല ആരംഭിച്ച മി. ബേർഡ് പിന്നീട് ബ്രിട്ടീഷ് ആർമിയിൽ ചാപ്ലെയിൻ ആയി അനേക ഇടങ്ങളിൽ കർത്താവിന്റെ രക്ഷയിൽ സുവിശേഷത്തിന് സാക്ഷ്യം വഹിച്ചു. അങ്ങനെ ഇന്ത്യയിൽ എത്തിയശേഷം ഉദ്യോഗത്തിൽ നിന്നും വിരമിച്ച് ഇന്ത്യയിൽ സ്ഥിരതാമസമാക്കുകയായിരുന്നു. മദ്രാസ്, ബോംബെ തുടങ്ങിയ പട്ടണങ്ങളിൽ താമസിച്ചു വിശ്വാസികൾക്ക് കൂടിവന്നു ആരാധിക്കുവാൻ മാത്രമല്ല ജോലി അന്വേഷിച്ചും മറ്റും എത്തുന്ന യുവാക്കൾക്ക് താമസസൗകര്യത്തിനുള്ള കെട്ടിടങ്ങളും അദ്ദേഹം അവിടെയവിടെ ക്രമപ്പെടുത്തിയിരുന്നു. വിശ്വാസികളെമാത്രമല്ല താൻ സഹായിച്ചിരുന്നത് ജോലി സാദ്ധ്യത നന്നേ കുറവായിരുന്ന അക്കാലത്ത് തന്നെ സമീപിക്കുന്ന യുവാക്കൾക്ക് ബ്രിട്ടീഷ് കമ്പനികളിലും ഗവൺമെന്റിലും മറ്റും ജോലി ലഭിക്കത്തക്ക നിലയിൽ ശുപാർശകൾ നൽകുമായിരുന്നു. അക്രൈസ്തവർ പോലും ഈ നിലയിൽ തന്റെ സഹായം അനുഭവിച്ചവരിൽ ഉൾപ്പെട്ടിരുന്നു. അതായത് കഴിയുമെങ്കിൽ എല്ലാവർക്കും വിശേഷാൽ സഹവിശ്വാസികൾക്കും കഴിവതു സഹായിക്കണം എന്ന കാര്യം തന്നെ.

ബേർഡ് ഏതുകാലത്തും ഈ വിഷയത്തിൽ ഒരു മാതൃകയായിരുന്നു. ആത്മികരെന്ന് ഭാവിച്ച് പലരും മി. ബേർഡിൽ നിന്നും നന്മ അനുഭവിച്ചിട്ടു പിൽക്കാലത്ത് ജഡികർ ആയിത്തീർന്നവർ ഉണ്ട്. അതുപോലെ തന്നിൽനിന്നും ആത്മികവും ഭൗതികവുമായ നന്മ അനുഭവിച്ച് കർത്താവിന്റെ വയൽ പ്രദേശത്ത് ശോഭിച്ചവരും ധാരാളം ഉണ്ട്.

ബേർഡ് സായിപ്പ് ഒരു വലിയ ഉപദേഷ്ടാവായിരുന്നു. ആരാധനയിൽ താൻ നമ്മുടെ കർത്താവിനെ അനുസ്മരിപ്പിക്കുന്ന പഴയ നിയമഭാഗങ്ങൾ എടുത്തു പുതിയ നിയമവെളിച്ചത്തിൽ ധ്യാനിക്കന്നതിൽ തൽപരനായിരുന്നു എന്ന് അന്ത്യംവരെ തന്റെ വിശ്വസ്ത ശുശ്രൂഷകനായിരുന്ന റോയപ്പൻ, ബേർഡ് സായിപ്പിന്റെ അനുസ്മരണയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രോവ്സിനെപ്പോലെ ബേർഡിനും ഫണ്ടിന്റെ പിന്തുണ ഇല്ലായിരുന്നു. കർത്താവു തന്റെ ശിഷ്യന്മാരെ അയച്ചതുപോലെ അവർ കർതൃകൽപനക്കു വിധേയരായി ത്യഗം സഹിച്ചു. അത്ഭുതകരമായ ദൈവകൃപ അനുഭവിച്ചു. കർത്താവിൽ സന്തോഷിച്ചു. ആദ്യകാലത്ത് ഇന്ത്യയിലും ഇതരരാജ്യങ്ങളിലും സുവിശേഷവുമായി വന്നവർ എല്ലാം ഈ കാര്യത്തിൽ സ്വതന്ത്രരായിരുന്നു. അന്ന് അതിന്റേതായ നന്മയും ശക്തിയും ഉണ്ടായിരുന്നു.

**സ്റ്റിവാർഡ് കമ്പനി എന്ന ഫണ്ടിന്റെ ആവിർഭാവം**

ഇഗ്ലണ്ടിൽ ബ്രദറൺ മൂവ്മെന്റ് ശക്തിപ്പെട്ടതോടെ ഇതര രാജ്യങ്ങളിലെ സുവിശേഷവേലയെ ശക്തിപ്പെടുത്തണം എന്ന താൽപര്യം സഭകളിൽ ഉളവായി. ഇതിന് സ്ഥിരമായ ഒരു ഫണ്ട് ഉണ്ടാക്കുക എന്നതാണ് അതിനുള്ള ഉപാധിയായി സഭകളിലെ ചിലർക്ക് തോന്നിയത്.കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളുടെ അപ്പോസ്ഥലൻ എന്ന അപരനാമത്തിൽ വിഖ്യാതനായിരുന്ന ബ്രോഡ്മെന്റ് ആദിയായ ഉപദേഷ്ടാക്കന്മാർ ഈ ആശയത്തെ വചനവിരുദ്ധം എന്ന് എതിർത്തു. എന്നാൽ സദുദ്ദേശപരമായ പലരുടെയും അഭിപ്രായ പിൻബലത്തിൽ ഫണ്ട് എന്ന് ആശയം സ്ഥിരപ്പെട്ടു. അങ്ങനെ ഇംഗ്ലണ്ടിൽ കമ്പനി ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തതാണ് സ്റ്റീവാർഡ് കമ്പനി. ബ്രോഡ്മെന്റും അതുപോലെ ചിന്തിച്ചവരുമായവരുടെ അഭിപ്രായം ഒരു കർത്താവിന്റെദാസൻ മാനുഷികമായ ഒരു സ്ഥിരം സംവിധാനത്തിനു കർത്താവ് തന്നിരിക്കുന്ന ക്രിസ്തീയ സ്വാതന്ത്ര്യം അടിമപ്പെടുത്താൻ പാടില്ല എന്നായിരുന്നു. ഒരു സ്ഥിര വരുമാനത്തിൽ ആശ്രയിക്കുന്ന വ്യക്തി ഒരിക്കലും കർത്താവുമായി തന്റെ ആവശ്യങ്ങളിൽ ആശ്രയിക്കാൻ തുനിയുകയില്ല. അവർ തങ്ങളെ സഹായിക്കുന്ന സ്ഥിരം വേദികളിലേക്ക് തന്നെ നോക്കും. കർത്താവ് തന്റെ ശിഷ്യന്മാരെ വേലക്ക് പറഞ്ഞയച്ച മാതൃകയാണ് യഥാർത്ഥ മാതൃക.

ഇഗ്ലണ്ടിൽ ബ്രദറൺ മൂവ്മെന്റ് ശക്തിപ്പെട്ടതോടെ ഇതര രാജ്യങ്ങളിലെ സുവിശേഷവേലയെ ശക്തിപ്പെടുത്തണം എന്ന താൽപര്യം സഭകളിൽ ഉളവായി. ഇതിന് സ്ഥിരമായ ഒരു ഫണ്ട് ഉണ്ടാക്കുക എന്നതാണ് അതിനുള്ള ഉപാധിയായി സഭകളിലെ ചിലർക്ക് തോന്നിയത്. കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളുടെ അപ്പോസ്ഥലൻ എന്ന അപരനാമത്തിൽ വിഖ്യാതനായിരുന്ന ബ്രോഡ്മെന്റ് ആദിയായ ഉപദേഷ്ടാക്കന്മാർ ഈ ആശയത്തെ വചന വിരുദ്ധം എന്ന് എതിർത്തു. എന്നാൽ സദുദ്ദേശപരമായ പലരുടെയും അഭിപ്രായ പിൻബലത്തിൽ ഫണ്ട് എന്ന് ആശയം സ്ഥിരപ്പെട്ടു. അങ്ങനെ ഇംഗ്ലണ്ടിൽ കമ്പനി ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തതാണ് സ്റ്റീവാർഡ് കമ്പനി

*(തുടരും)*

## സുവിശേഷ വയലിലേയ്ക്ക്

**പരുമല**: നാമധേയ ക്രൈസ്തവരും ഹിന്ദുക്കളും തിങ്ങിപ്പാർക്കുന്ന പരുമല എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന ഒരു സുവിശേകനാണ് ഡേവിഡ് ക്രിസ്റ്റോ.

1992-ൽ ആലുവയിൽ വച്ച് നടന്ന ഒരു കോളേജ് സ്റ്റുഡൻസ് ക്യാമ്പിൽവെച്ച് രക്ഷിക്കപ്പെട്ടു. 1993-ൽ സ്നാനപ്പെട്ടു. അതിനുശേഷം ദൈവവേലയ്ക്കുള്ള വിളി ബോധ്യപ്പെട്ടപ്പോൾ പത്തനംതിട്ട ബ്രദറൻ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽപോയി ദൈവവചനം അഭ്യസിക്കുകയും തുടർന്ന് പ്രേഷിതപ്രവർത്തനത്തിൽ തുടർന്നുപോരുകയും ചെയ്യുന്നു. ഈ സഹോദരന് ഭാര്യയും ഒരു കുഞ്ഞുമുണ്ട്.

ഇപ്പോൾ 2 മാസമായി മാവേലിക്കരയ്ക്കും തിരുവല്ലയ്ക്കും മധ്യേയുള്ള പരുമല എന്ന സ്ഥലത്ത് ഒരു പുതിയ കൂടിവരവ് ലക്ഷ്യമാക്കി പ്രവർത്തിച്ചുവരുന്നു. ഈ പ്രദേശം എല്ലാ മതവിഭാഗക്കാരും തിങ്ങിപാർക്കുന്ന വലിയ വിശാലമായ ഒരു പ്രദേശമാണ്. സുവിശേഷത്തിന് വളരെ സാധ്യതയുള്ള ഒരു സ്ഥലമാണ്. കണ്ണാട്ടുമോടി ബ്രദ്റൺ സഭയുടെ ചുമതലയിലും മാവേലിക്കരയിലും പരിസരങ്ങളിലുമുള്ള ബ്രദറൺ സഭകളുടെ സഹകരണത്തിലും ഈ സ്ഥലത്തുള്ള പ്രവർത്തനം ആരംഭിക്കുകയും ഇപ്പോൾ തുടരുകയും ചെയ്യുന്നു. ഈ സഹോദരന്റെ പ്രവർത്തനഫലമായി കർത്താവിനെ ഏറ്റുപറഞ്ഞ് സ്വീകരിച്ച ചില കുടുംബങ്ങൾ ഇവിടെ ഉണ്ട്. അവർ വേർപെട്ട് ദൈവത്തെ ആരാധിക്കുവാൻ കടന്നുവരുന്നതിനും ഇവിടെ ഒരു സ്ഥാലം സഭ സ്ഥാപിക്കപ്പെടുന്നതിനും സുവിശേഷപ്രവർത്തനം നല്ല നിലയിൽ നടത്തപ്പെടുന്നതിനും ദൈവജനത്തിന്റെ കൂട്ടായ പ്രാർത്ഥനയും സഹകരണവും ആവശ്യമാണ്.

മാന്നാറിനു സമീപം ഒരു വീട് വാടകയ്ക്ക് എടുത്ത് ഇവിടെ താമസിച്ചാണ് സഹോദരൻ ഡേവിഡ് ക്രിസ്റ്റോ ഇപ്പോൾ പ്രവർത്തിക്കുന്നത്. ഈ സഹോദരനെയും കുടുംബത്തെയും ഇവിടെയുള്ള പ്രവർത്തനങ്ങളെയും പ്രാർത്ഥനയിൽ ഓർക്കണമെന്ന് കർത്തൃനാമത്തിൽ ഓർപ്പിക്കുന്നു.

അഡ്രസ്സ് - ഡേവിഡ് ക്രിസ്റ്റോ, ലോഗോസ് ഭവൻ, ഉളിപ്പറമ്പിൽ, കുട്ടംപേരൂർ പി.ഓ. മാന്നാർ, ആലപ്പുഴ ജില്ല, കേരള, ഇൻഡ്യ - 689 623.

കണ്ണാട്ടുമോടി ബ്രദ്റൺ സഭയ്ക്കുവേണ്ടി, ക്രിസ്തുവിൽ സഹോദരൻ വർക്കി വർഗ്ഗീസ്, വി.ജി. ഉമ്മൻ

## കുന്നൻപാറ ചർച്ച്

**തിരുവനന്തപുരം**: കുന്നൻപാറ ചർച്ചിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി തുടർന്നുവരുന്നു. കർത്താവ് അനുവദിച്ചാൽ ബ്രദറൺ ചർച്ചിൽവച്ച് 2013 മെയ് 23 മുതൽ 25 വരെ സുവിശേഷയോഗങ്ങൾ നടത്തുവാൻ ആഗ്രഹിക്കുന്നു.

ഡോ. വർഗ്ഗീസ് ജോൺ തിരുവനന്തപുരം, ബ്രദർ ജോർജ്ജ് ചാക്കോ മാവേലിക്കര എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നതാണ്. 26-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 മുതൽ യൂത്തിന്റെയും സണ്ടേസ്ക്കൂളിന്റെയും വാർഷികവും നടക്കുന്നതാണ്. യോഗങ്ങളുടെ അനുഗ്രഹത്തിനായി ദൈവമക്കൾ പ്രാർത്ഥനയിൽ ഓർക്കുക.

സഭയ്ക്കുവേണ്ടി, എസ്.ജി. ഗിൽബർട്ട് (സുവിശേഷകൻ), രവീന്ദ്രൻ, മണി

**WANTED**

**TIRUVALLA MEDICAL MISSION COLLEGE OF NURSING**

Anjilithanam P.O., Kaviyoor, Thiruvalla, Kerala - 689582
**Ph : 0469 2618646**
E-mail : administrator@tmmnursingcollege.in

For immedate Appointment: **WARDEN** (Female)
Born Again Christian preferably with nursing background
Attractive Salary with Foord & Accomodation
Apply immediately to the Administrator

## PRAY AND SUPPORT FOR Mr. BASU DEV & Mrs. BADMI DEVI

1. There is a woman, Badmi Devi, who has joined our fellowship at Ali Vihar (New Delhi). She had breast cancer and was living with an open wound. She had spent thousands of rupees (Rs. 1.5 lakhs) on treatment but the doctors gave no hope. God's intervention is highly required at this juncture.

2. Her husband, Basu Dev, has been diagnosed with liver cancer. The doctor at Holy Family Hospital (New Delhi) has seen him and referred to Cancer Institute but the family have no faith in the medical system. They have decided to trust and live in God.

Please stand with sister Badmi Devi and brother Basu Dev as they look forwards God's hands to work at this point of time and also as they grow in faith.

In Him
Evg. R. Rajan, Post Box No. 7385, Srinivas Puri P.O., New Delhi. 110065 Ph +91-9868076159

## അതിരപ്പിള്ളി ക്രിസ്റ്റ്യൻ ബ്രദറൺ ചർച്ച്

അതിരപ്പിള്ളി സഭയുടെ അംഗവും, ഇവിടെ നടന്നുവരുന്ന പ്രവർത്തനങ്ങളിൽ ഉത്സാവപൂർവ്വം സഹകരിക്കുകയും ചെയ്യുന്ന ബ്ര.കെ.പി.ജോസ് ഒരു പൂർണ്ണസമയ വേലക്കാരനായി നാളിതുവരെ പ്രവർത്തിച്ചുവരുന്നു. താൻ, 1985 ഡിസംബർ 25 ന് ബൈബിൾ സ്കൂൾ പഠനസമയത്ത് രക്ഷിക്കപ്പെടുകയും 1986 ജനുവരി 11 ന് സ്നാനപ്പെടുകയും ചെയ്തു, തുടർന്ന് ബൈബിൾസ്കൂൾ പഠനാനന്തരം 1990 ൽ വിവാഹിതനാകുകയും കർത്താവിന്റെ വേലയ്ക്ക് പൂർണ്ണമായി വേർതിരിയുകയും ചെയ്തു. പ്രിയ സഹോദരന്റെ വിളിയും സമർപ്പണവും സഭയ്ക്ക് ബോധ്യമായതിനാൽ ബ്ര.കെ.പി. ജോസിനെ സുവിശേഷകനായി സഭ അംഗീകരിക്കുകയും, കമന്റ് ചെയ്യുകയും, ദൈവജനത്തിനു പരിചയപ്പെടുത്തുകയും ചെയ്യുന്നു. ഇദ്ദേഹത്തിന് ഭാര്യയും രണ്ട് പെൺമക്കളും ഉണ്ട്. മൂത്തമകൾ വിവാഹിതയാണ്.

ഇപ്പോൾ താൻ അതിരപ്പിള്ളി സഭയോട് ചേർന്ന് കണ്ണംകുഴി, പൊകലപ്പാറ, പെരിങ്ങൽക്കുത്ത്, വാച്ച്മരം എന്നിവിടങ്ങളിലുള്ള ആദിവാസികളുടെ ഇടയിൽ പ്രവർത്തിച്ചുവരുന്നു. ദൈവജനം സഹോദരന്റെ ശുശ്രൂഷകളെ ഓർത്ത് പ്രാർത്ഥിക്കുകയും, ആവശ്യമായ പ്രോത്സാഹനം നൽകുവാനും ഞങ്ങൾ സഭയായി ശുപാർശചെയ്യുന്നു.

എന്ന് സഭയ്ക്കുവേണ്ടി, എൽഡേഴ്സ്,കെ.വൈ. അബ്രാഹം, എം.പി. ജേക്കബ്.

സഹോദരന്റെ അഡ്രസ്സ്: കെ.പി.ജോസ്, കോട്ടപ്പുറം ഹൗസ്, വെറ്റിലപ്പാറ പി.ഒ. അതിരപ്പിള്ളി-680721, തൃശൂർ ജില്ല. മൊബൈൽ - 9400396259




# കൊയ്ത്തു വളരെയുണ്ട് വേലക്കാരോ ചുരുക്കം

ഇന്ത്യയുടെ വടക്കുപടിഞ്ഞാറായി സ്ഥിതിചെയ്യുന്ന 50,362 sq.km ഉള്ള 22 ജില്ലകൾ ഉള്ള സംസ്ഥാനമാണ് പഞ്ചാബ്. സിക്ക് മതാനുയായികൾ ആണ് ഇവിടുത്തെ ജനവിഭാഗം. ഹിന്ദു മതവും ഇവിടെയുണ്ട്. സുവിശേഷ പ്രവർത്തനത്തിനു വളരെ അധികം സാധ്യതയുള്ള ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഒന്നാണ് പഞ്ചാബ്. എന്നാൽ കാര്യമായ ഒരു സുവിശേഷ പ്രവർത്തനം ഇവിടെയുണ്ടാകുവാൻ ഇതുവരെയും ഇടയായിട്ടില്ല എന്നുള്ളത് ദുഃഖരമായ ഒരു സത്യമാണ്.

ഇവിടുത്തെ ഭൂപ്രകൃതിയും ഗതാഗത സംവിധാനവും ഇവിടെയുള്ള ജനങ്ങളുടെ സംസ്ക്കാരിക നിലവാരവും കേരളത്തിനു തുല്യമായ അടിസ്ഥാന സൗകര്യവികസനവും ഈ സംസ്ഥാനത്തെ ജനങ്ങളുടെ വിദ്യാഭ്യാസനിലവാരവും ജനങ്ങളുടെ സുവിശേഷ താൽപര്യവും ഒക്കെത്തന്നെ സുവിശേഷത്തിന് അനുകൂലമായ ഘടകങ്ങൾ തന്നെയാണ്. ഗോതമ്പ്, നെല്ല് തുടങ്ങിയ വിളകളുടെ ഇന്ത്യയിലെതന്നെ പ്രധാന ഉൽപാദന കേന്ദ്രമാണ് ഈ സംസ്ഥാനം.

2013 ഏപ്രിൽ 12 മുതൽ 19 വരെ എനിക്കും (കെ.എസ്. ഗോപാലകൃഷ്ണൻ, ബ്രദറൺ വിഷൻ ചീഫ് എഡിറ്റർ) ബ്രദർ ജോസ് തോമസിനും പഞ്ചാബിലെ വിവിധ സ്ഥലങ്ങളിൽ കർതൃദാസന്മാരുടെ അടുത്തുപോകുവാനും അവരോടൊപ്പം ഈ മേഖലയിൽ, സുവിശേഷ പ്രവർത്തനങ്ങളിൽ സഹകരിക്കുവാനും ഇടയായി.

ആദ്യം സുവിശേഷകൻ കെ.കെ. ഉമ്മൻ (പത്താംകോട്ട്) സുവിശേഷകൻ സാം.പി. ജേക്കബ് എന്നിവരുടെ വേല സ്ഥലങ്ങളിൽ പോകുവാനും വിവിധ മീറ്റിംഗുകളിൽ പങ്കെടുക്കുവാനും ദൈവവചനം ശുശ്രൂഷിക്കുവാനും ഇടയായി. അനേക ഗ്രാമപ്രദേശങ്ങളിൽ സുവിശേഷസന്ദേശവുമായി കടന്നുചെന്ന് ദൈവവചനസന്ദേശം പ്രിയപ്പെട്ടവർ അറിയിച്ചുകൊണ്ടിരിക്കുന്നു. അനേകഗ്രാമങ്ങളിലെ ഭവനങ്ങളിൽ ക്രമീകരിച്ച യോഗങ്ങളിലും ഞങ്ങൾക്ക് സുവിശേഷസന്ദേശം അറിയിക്കുവാൻ കർത്താവ് കൃപചെയ്തു. സുവിശേഷകൻ സാം പി. ജേക്കബ് നിത്യതയിൽ വിശ്രമിക്കുന്ന സുവിശേഷകൻ പി.വി.ജേക്കബ് സാറിന്റെ ഇളയ മകനാണ്. താൻ എയർഫോഴ്സിലെ തന്റെ രാജിവെച്ച് ഇപ്പോൾ പൂർണ്ണ സമയ വേലയിലായിരിക്കുന്നു. തനിക്ക് ഭാര്യയും രണ്ടുമക്കളുമാണുള്ളത്.



*സുവി. ജഗ്ദേവ് കുമാർ പ്രവർത്തിക്കുന്ന മാഹിൽപൂരിൽ ഒരു വിശ്വാസ കുടുംബത്തോടൊപ്പം സുവിശേഷകന്മാരായ ജോൺസൺ ടൈറ്റസ്, കെ.എസ്. ഗോപാലകൃഷ്ണൻ, ജോസ് തോമസ്, ജഗ്ദേവ് കുമാർ എന്നിവർ*

പത്താംകോട്ടുനിന്ന് അമൃതസറിലേക്കു കടന്നുപോകുവാനും അവിടെ കർത്തൃവേലയിലായിരിക്കുന്ന വിജയ് രാജുവിനൊപ്പം ഒരു ദിവസം താമസിക്കുവാനും ചില മീറ്റിംഗുകളിൽ പങ്കെടുക്കുവാനും കർത്താവ് കൃപചെയ്തു. തന്റെ ഭൗതികജോലി ഉപേക്ഷിച്ച് ഇവിടെ താൻ കർത്താവിനായി വേല ചെയ്യുന്നു. സുപ്രസിദ്ധമായ സുവർണ്ണ ക്ഷേത്രം, ജാലിയൻവാലാബാഗ്, വാഗാബോർഡർ എന്നിവ സ്ഥിതിചെയ്യുന്നത് അമൃതസറിലാണ്. സുവിശേഷകൻ വിജയരാജുവിന് ഭാര്യയും രണ്ടു കുട്ടികളുമാണുള്ളത്.

അമൃതസറിൽനിന്ന് ജലന്തറിലേക്കു പോകുവാനും അവിടെ കർത്തൃവേലയിലായിരിക്കുന്ന ജോൺസൺ ടൈറ്റസിനൊപ്പം ചില ഗ്രാമങ്ങളിൽ കടന്നുചെന്ന് മീറ്റിംഗുകളിൽ സുവിശേഷസന്ദേശമറിയിക്കുവാനും കർത്താവ് കൃപചെയ്തു. താൻ ജലന്തറിലും പരിസരപ്രദേശങ്ങളിലും കർത്തൃവേലയിലായിരിക്കുന്നു. സഭാഹാളിനോട് ചേർന്ന് ബൈബിൾ സ്കൂൾ, ഓർഫനേജ് എന്നിവയുടെ പണിയും നടന്നുകൊണ്ടിരിക്കുന്നു.



പാട്യാലയിൽ *സുവിശേഷവേല ചെയ്യുന്ന* ജസ്റ്റിൻ എം. സക്കറിയയും *കുടുംബവും*

ജലന്തറിൽനിന്ന് സുവിശേഷകൻ ജഗദേവ് കുമാർ പ്രവർത്തിക്കുന്ന മാഹിൽപ്പൂരിൽ പോകുവാൻ ഇടയായി. താനും കുടുംബവും വളരെ അനുഗ്രഹിക്കപ്പെട്ട നിലയിൽ കർത്തൃശുശ്രൂഷയിലായിരിക്കുന്നു. തന്റെ പ്രവർത്തനംമൂലം ഹോഷിയാർപൂർ ജില്ലയിൽ നാല് സ്ഥലം സഭാകൂടിവരവുകൾ ഉണ്ടാകുവാൻ ഇടയായി. ഇപ്പോൾ താൻ ആയിരിക്കുന്ന സ്ഥലത്ത് സഭാഹോളിനായി ഏകദേശം 13 ലക്ഷം ആവശ്യമായിരിക്കുന്നു. ദൈവജനത്തിന്റെ വിലയേറിയ പ്രാർത്ഥനയും സാമ്പത്തിക സഹകരണവും ഈ വിഷയത്തിന് ആവശ്യമാണ്. തന്റെ കൂട്ടുപ്രവർത്തകനായ കമൽദീപ് സിംഗ് ബുല്ലോവാർ എന്ന സ്ഥലത്ത് കർത്തൃവേലയിലായിരിക്കുന്നു. തന്നോടും കൂട്ടുസഹോദരന്മാരോടുമൊപ്പം അനേകം ഗ്രാമപ്രദേശങ്ങളിൽ പോകുവാനും ദൈവവചന സന്ദേശം അനേക ഇടങ്ങളിൽ പ്രസംഗിക്കപ്പെടുവാനും ഇടയായി. തൽഫലമായി ചിലർ രക്ഷാനിർണ്ണയ അനുഭവത്തിലേയ്ക്ക് എത്തുവാനും കർത്താവ് കൃപചെയ്തു.

അവസാനമായി സുവിശേഷകൻ ജസ്റ്റിൻ എം. സക്കറിയ പ്രവർത്തിക്കുന്ന പാട്യാലയിൽ കടന്നുചെല്ലുവാനും ഒരു രാത്രി തന്നോടൊപ്പം അവിടെ താമസിക്കുവാനും ഇടയായി. 2005 മുതൽ താൻ അവിടെ കർത്തൃവേലയിലായിരിക്കുന്നു. വിവിധ നിലയിലുള്ള സുവിശേഷ പ്രവർത്തനങ്ങളിൽ താൻ വ്യാപൃതനായിരിക്കുന്നു. ഗ്രാമസുവിശേഷ പ്രവർത്തനത്തിന്റെ വ്യാപനത്തിനായി ദൈവമക്കൾ പ്രാർത്ഥിക്കുക.

കടന്നുപോയ സ്ഥലങ്ങളിലെല്ലാം തന്നെ കർത്തൃദാസന്മാർ ആത്മഭാരത്തോടുകൂടെ കർത്താവിന്റെ വേലയിൽ ആയിരിക്കുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. എല്ലാസ്ഥലങ്ങളിലും ആരാധനായോഗവും ഗ്രാമസുവിശേഷീകരണവും ഭവനമീറ്റിംഗുകളും സഭയുടെ മറ്റ് മീറ്റിംഗുകളും ക്രമമായി നടന്നുവരുന്നു. അതുപോലെ എല്ലാ സ്ഥലങ്ങളിലും വിവിധ നിലകളിലുള്ളതായ ആവശ്യങ്ങളും ഉണ്ട്. അതിനുവേണ്ടി വരുംദിവസങ്ങളിൽ പ്രിയകർത്തൃദാസന്മാരെ നമുക്ക് പ്രാർത്ഥനയിൽ ഓർക്കുകയും കൂട്ടായ്മയുടെ വലംകൈ അവരുടേയും അടുത്തേയ്ക്ക് നീട്ടുകയും ചെയ്യാം. അതോടൊപ്പം ഇന്ത്യാമഹാരാജ്യത്തിലെ അനേകം ഗ്രാമങ്ങളെ ഓർത്തും അവിടെ വസിക്കുന്ന സുവിശേഷം ഒരുപ്രാവശ്യംപോലും കേൾക്കാത്ത ജനത്തെ ഓർത്തും നമുക്ക് പ്രാർത്ഥിക്കാം.

ഞങ്ങൾപോയ സ്ഥലങ്ങളിലെ സുവിശേഷകന്മാരുടെ പേരും വിലാസവും ഫോൺനമ്പറും ഇതോടൊപ്പം ചേർക്കുന്നു. പ്രാർത്ഥിക്കുക. സഹകരിക്കുക

**Ommen K.K.**, Suvartha Bhavan, Banat Colony, Sali Road Pathankot P.O., Pathankot (Dt), Punjab-145001 Mob : 09988293043

**Sam. P.Jacob**, Anugrah, Dheerajattan, Pathankot P. O., Pathankot (Dt), Punjab-145 001, Mob : 094717196122

**Johnson J. Titus**, P.O. Box. 5, Jalandhar Cantt. Punjab - 144005 Mob : 0935647959


**P. Vijaya Raju**, H.No. 531-A, Ranjit Avenue, Amrithsar - 143001, Punjab, Mob : 09878418883

**Jagdeva Kumar**, Brethren Assembly, Mahilpur, Hoshiarpur (Dist), Punjab - 146105, Mob : 09478058064

**Justin M. Zachariah**, P.O. Box. 77, Patiala, Punjab - 147001 Mob : 09417734245



*അമൃതസറിൽ സുവിശേഷവേല ചെയ്യുന്ന വിജയ് രാജുവും കുടുംബവും*



*മാഹിൽപൂരിൽ സുവിശേഷവേല ചെയ്യുന്ന സുവി.ജഗ്ദേവ്കുമാറും കുടുംബവും*

# BRETHREN BIBLE SCHOOL MALABAR

Beloved brother in the Lord, warm greetings to you ull in the loving name of our Lord Jesus Christ;

Thank you very much for your prayer and help which we received from you during the past.

This humble ministry of the BRSM is for the spiritual development of the Brethren believers and thruugh them the Brethren Assemblies in various districts of Malabar area which is backward in all respects. Even though it is functioning at Nileshwar in Kasargod district, it is run by a committee comprising of eminent brothers drawn from almost all districts of Malabar.

Six batches of 3 months duration course have been completed and the brethren who have attended the course are being used by the Lord in His vineyard. The 7th batch will commenced on 20th May 2013. 7 students will be in this batch.

We also conduct special condensed course of 5 days each in various districts of Malabar so that a lot of believers belonging to the local Assemblies may be benefited. In the past Lord enabled us to organize such courses in Wayanadu, Malappuram and Palghat districts. Kozhikode, Cittur (AP) districts. Lord willing we will have such a course at Cherupuzha Assembly Hall, for Kannur district on 13 to 17 May 2013. Our beloved brothers George Peter, P.S.Thamban, V.J. Mathew, Samuel P.Abraham will lead the classes. On 17 will be a family conference. We expect near about 100 believers each day.

We hope and pray that the Lord may use this ministry to encourage and equip the believers of Malabar to stand for Christ and bear good testimony for Him. May this work of the Lord abound in Malabar and may we be used to plant some Assembly gatherings at various places in the districts of Malabar. The work as above involves considerable expenditure as well as man hours.

The ministry is being undertaken by faith and our Lord has sustained it till day with the abundant blessings through various brothers from all over the globe. We solicit the prayerful support and encouragement from all believers and request you to uphold this ministry before the throne of Grace.

Lord leads you, please your generous gift for this ministries send to Secretary, Brethren Bible School Malabar, Perole, Nileshwar, Kasaragod Dt. Pin-671 314.

Cheque or Draft may be favour of T.S.George, Joint A/c No. 10700100214868 (Federal Bank, Nileshwar Branch. IFSC-FDRL0001070). Gift amount may be deposited directly in this account also.

With much prayers and love,
Yours in His glad service
K.M.John (Secretary)
For the Bible School Committee

Mob:9495181788

# നമുക്കു എഴുതുന്നതും നിർത്തണമെന്നോ...?

*(1-ാം പേജ് തുടർച്ച )*

ക്കൂ: ആവിഷ്കാര സ്വാതന്ത്ര്യവും തൂലികയുമാണ് സ്വരാജിന്റെ അടിത്തറ. ആ അടിക്കല്ല് അപകടത്തിലാണെങ്കിൽ നിങ്ങളുടെ എല്ലാ ശക്തിയും ചെലുത്തി അതിനെ നിങ്ങൾ പ്രതിരോധിക്കണം. അതുകൊണ്ട് സദാ ജാഗരൂകരായിരിക്കുക. മനുഷ്യാവകാശങ്ങൾ ലംഘിക്കപ്പെടുന്നിടത്ത് അതെത്ര ഉന്നതപഥത്തിൽ നിന്നായാലും പ്രതികരിക്കുക. പ്രതികരണം നിങ്ങളെ ശക്തനാക്കും. മറ്റുള്ളവർക്ക് പ്രചോദനമാകും. തെറ്റുകളുടെ, അനീതിയുടെ മുന്നിലുള്ള നിങ്ങളുടെ നിശ്ശബ്ദത അത് ചെയ്യുന്നവനു പ്രചോദനമമാകും. തെറ്റുകളും അധർമ്മങ്ങളും വർദ്ധിക്കുന്നത് അതുകൊണ്ടാണ്. അതുകൊണ്ട് നിങ്ങൾ ഒരു മെഴുകുതിരിയാവണം. അങ്ങനെ ഓരോരുത്തരും ഓരോ ദീപനാളങ്ങളാകുമ്പോൾ അന്ധകാരം താനേ മാഞ്ഞുകൊള്ളും.

എഴുതാനുള്ള സ്വാതന്ത്ര്യം എഴുത്തുകാരനുണ്ട്. എഴുത്തുകാരന്റെ ഹൃദയത്തിൽ തിങ്ങിനിറയുന്ന ആശയസംഘർഷങ്ങളുടെ അനുഭവ ചൂളത്തിൽനിന്നു പുറത്തുവരുന്ന അഗ്നി സ്ഫുലിംഗങ്ങളെ കെടുത്തിക്കളയുവാൻ ആർക്കും കഴികയില്ല. അനീതിയും തിന്മകളും കാണുമ്പോൾ അടങ്ങിയിരിക്കാൻ എഴുത്തുകാരനാവില്ല. എല്ലാവരും എഴുത്തുകാരല്ല. ആശയസംഘർഷങ്ങളുടെ സംവേദനം അന്തരാത്മാവിൽ ഏറ്റുവാങ്ങുന്നവരാണ് എഴുത്തുകാർ. ഒരുപക്ഷേ ലോകപ്രസിദ്ധ എഴുത്തുകാരനായ കാഫ്കെയെപ്പോലെ ശരീരത്തിലും അതിന്റെ വേദനകൾ ഉണ്ടായേക്കാം. അവരുടെ സർഗ്ഗവൈഭവം ജന്മസിദ്ധമാണ്. അതോടൊപ്പം ആത്മീക കൃപാവരങ്ങൾക്കൂടി സംയോജിപ്പിച്ചവരാണ് ആത്മീയ എഴുത്തുകാർ. പാപിനിയായ സ്ത്രീയെ കല്ലെറിയാൻ വന്ന കാപാലിക വൃന്ദത്തിനെതിരെ വിരലുകൾകൊണ്ട് വിധിയെഴുതിയ എഴുത്തുകാരന്റെ ധീരസേനാനികളാണ് ആത്മീക എഴുത്തുകാർ. കപട ആത്മീയതയ്ക്കെതിരെ വിരൽ ചൂണ്ടുവാൻ അവർക്ക് അവകാശമുണ്ട്. തടവറയിലടച്ചാൽ അവിടെക്കിടന്ന് കാരാഗൃഹ ലേഖനങ്ങൾ അവർ എഴുതും. എല്ലാവരും പുറംതള്ളി ഒറ്റപ്പെടുത്തി സമൂഹത്തിൽനിന്നും പുറത്താക്കി പത്മോസ് ദ്വീപിലടച്ചാൽ എല്ലിൻ കൂമ്പാരങ്ങൾക്കിടയിൽനിന്ന് അനന്തതയുടെ അപാരതയെക്കുറിച്ചുള്ള ദർശനങ്ങൾ അവരെഴുതിവിടും. അവർ മരിച്ചാലും അതേറ്റെടുക്കാൻ അനേക തലമുറകൾ എഴുന്നേറ്റുവരും ഇനി നിങ്ങൾ പറയൂ. നമുക്കു എഴുത്തുകാർ വേണ്ടെന്നോ...?

*(ലേഖകന്റെ ഫോൺ : 9446601446)*

# ബ്രദറൺ വിഷൻ


ഹൈറേഞ്ചിൽനിന്നും പ്രസിദ്ധീകരിക്കുന്ന ഒരു ബ്രദറൺ വാർത്താമാസിക

2013 മെയ് | RNI No. KERMAL / 2008/25331 | www.brethrenvisions.com | പുസ്തകം 6, ലക്കം 5 | വില ₹ 7


# മരണവിളിയിൽ പുളകംകൊള്ളുന്നവർ?

ബാലസുബ്രഹ്മണ്യൻ കെ.

**ക്രിസ്തീയ ചരിത്രത്തിലെ ആദ്യത്തെ അടക്ക ശുശ്രൂഷ നടന്നത് കാൽ കാശിനു ഗതിയില്ലാത്ത നസ്രേത്തുകാരന്റെ ശവമടക്കമാണല്ലോ? അവിടെ നാം കാണുന്നത് തന്നെ സ്നേഹിച്ച ശിഷ്യന്മാർ അവസരോചിതമായി രാജഗൃഹത്തിൽ ഇടപെട്ടതും. തങ്ങളുടെ ഗുരുനാഥന്റെ ശവശരീരം സുഗന്ധവർഗ്ഗം പൂശി അടക്കം ചെയ്തു എന്നാണ്. അഥവാ ക്രിസ്തുവിന്റെ മരണത്തിൽ ശുശ്രൂഷിക്കാൻ പോയവരാരും, അങ്ങോട്ടു കൊടുത്തതല്ലാതെ ഇങ്ങോട്ട് ഒന്നും വാങ്ങിയില്ല എന്നു സാരം.**



തലക്കെട്ട് വായിച്ചു നോക്കുമ്പോൾ ഇതെന്തായിരിക്കും എന്ന ചിന്ത മുളപൊട്ടുന്ന സഹോദര വർഗ്ഗത്തിന് ഇങ്ങനെയൊരു തലക്കെട്ടിന്റെ ആവശ്യകത ഇക്കാലത്ത് ഉണ്ടായി തീർന്നുവോ എന്ന് സംശയിക്കുന്ന സ്നേഹിതർക്ക്, ഇത് മുളയിലേ നുള്ളേണ്ടതായിരുന്നു പക്ഷേ, അതിനാരും മെനക്കെടത്തതിനാൽ വളർന്നുപോയൊരു പടുമരമാണ് സൂചനാവിഷയം. ഇക്കഴിഞ്ഞ നാളുകളിൽ പലരുടെയും നാവുകളിൽനിന്നും അറിഞ്ഞോ, അറിയാതെയോ ഉതിർന്നുവീണ പ്രതിഷേധസ്വരമാണ് ഇതിന്റെ പുറകിലെ ചേതോവികാരം. പക്ഷേ, പൊതുസദസ്സിൽ ആരെയൊക്കെ അഭിമുഖീകരിച്ച് ഇതു പറയേണ്ടിവരും. എന്ന ഭയത്താൽ നാവടക്കി വച്ചിരിക്കുന്ന ഒരു സംഘം. പറഞ്ഞുപോയാൽ തന്റെ ശവമടക്കിന് ആരും വന്നില്ലെങ്കിലോ എന്ന ചിന്താഭാരത്താൽ ഹൃദയത്തിൽ നീറി പുകഞ്ഞിട്ടും ഒരുവാക്കുപോലും ശബ്ദമായി പരിണമിക്കാത്ത ഇന്ദ്രിയജയക്കാർ മറുവശം. ഇനി എങ്ങനെയെങ്കിലും പറഞ്ഞേക്കാം എന്നു ചിന്തിക്കുന്നവർക്കോ, എവിടെ പറയും എന്ന ഉത്കണ്ഠ, അവർക്കും പറയാൻ വേദിയില്ല! വേദിയുള്ളവരോ, ഇരിക്കും കൊമ്പ് വെട്ടണോ എന്ന സംശയത്തിലും. ഇവിടെ തുടങ്ങുകയാണ് എന്റെ പ്രരോധനം, ഈ വാക്കുകൾ എവിടെ എങ്കിലും ചെന്നുടക്കി ഒരു ഇലയെങ്കിലും അനങ്ങിയാൽ ഈയുള്ളവൻ കൃതാർത്ഥനായി.

ഇനി വിഷയത്തിന്റെ കാര്യകാരണങ്ങളിലേയ്ക്കു നമുക്കു കടക്കാം. സഹോദരാ, ഇന്നിടത്ത്, ഇന്ന സഹോദരൻ മഹത്വത്തിലേയ്ക്കു പ്രവേശിച്ചു എന്ന വിളികേട്ടാൽ മനസ്സിൽ ഒരു ലഡുപൊട്ടി. സഹോദരൻവന്ന് ശുശ്രൂഷ നടത്തണം എന്നുകൂടി പറഞ്ഞാലോ, വീണ്ടും ഒന്നുകൂടി..... ഇതൊന്നും, മരണവീട്ടിൽ ജാതി മതഭേദം കൂടാതെ അനേക പാപികൾ വരുമല്ലോ. അവരോടു സുവിശേഷം അറിയിക്കാനുള്ള ഒരു സന്ദർഭമാണല്ലോ! എന്നോർത്തല്ല; അതിനു പിന്നാലെവരുന്ന കവറിന്റെ കനം മനസ്സിൽ കണ്ടാണ്. പ്രീയരേ, നാം എല്ലാവരും, തിരുവെഴുത്തിൽ തെളിവുണ്ടോ? എന്നു ചോദിക്കുന്ന, വചനത്തിൽനിന്നും ഇടത്തോട്ടോ വലത്തോട്ടോ മാറുവാൻ താൽപര്യം ഇല്ലാത്തവരണാല്ലോ? അതുകൊണ്ട് ചോദിച്ചുപോകയാണ് ഇതിന് വചനത്തിൽ തെളിവു വല്ലതും ഉണ്ടോ?

ക്രിസ്തീയ ചരിത്രത്തിലെ ആദ്യത്തെ അടക്ക ശുശ്രൂഷ നടന്നത്. കാൽ കാശിനു ഗതിയില്ലാത്ത നസ്രേത്തുകാരന്റെ ശവമടക്കമാണല്ലോ? അവിടെ നാം കാണുന്നത് തന്നെ സ്നേഹിച്ച ശിഷ്യന്മാർ അവസരോചിതമായി രാജഗൃഹത്തിൽ ഇടപെട്ടതും (മത്ത: 27:57–61) തങ്ങളുടെ ഗുരുനാഥന്റെ ശവശരീരം സുഗന്ധവർഗ്ഗം പൂശി അടക്കം ചെയ്തു എന്നാണ്. അഥവാ ക്രിസ്തുവിന്റെ മരണത്തിൽ ശുശ്രൂഷിക്കാൻ പോയവരാരും, അങ്ങോട്ടു കൊടുത്തതല്ലാതെ ഇങ്ങോട്ട് ഒന്നും വാങ്ങിയില്ല എന്നു സാരം. തീർന്നില്ല, ക്രൂശിന്റെ വചനം കലർപ്പില്ലാതെ കാട്ടാളക്കൂടത്തോടറിയിച്ച സ്തെഫാനോസ്, മരണമറ കടന്നപ്പോൾ നാം വായിക്കുന്നത് ഭക്തിയുള്ള പുരുഷന്മാർ സ്തെഫാനോസിനെ അടക്കംചെയ്തു. അവനെക്കുറിച്ച് വലിയൊരു പ്രലാപം കഴിച്ചു. (അപ്പൊ: 8:2) എന്നത്രേ. അവിടെയും, നാം, ഭക്തിയുള്ള പുരുഷന്മാർ എന്തെങ്കിലും കൈപ്പറ്റിയതായി യാതൊരു തെളിവും കാണുന്നില്ല. ഇനി ദൈവാത്മാവിനെ ഞാനും മറന്നതായിരിക്കുമോ? അങ്ങനെയെങ്കിൽ, പിന്നെയും കിടക്കുന്നു അപ്പൊസ്തല പ്രവൃത്തികളുടെ ഇരുപത് അധ്യായങ്ങളും അനേകം വാക്യങ്ങളും. തുടർന്നുവന്ന സഭാപിതാക്കന്മാരുടെ ചരിത്രവും എന്തിന് ഇന്നയോളം രേഖപ്പെടുത്തപ്പെട്ട ചരിത്രം ശ്രദ്ധിക്കുക. എവിടെയും ഇങ്ങനെ ഒരു സമ്പ്രദായം കാണുന്നില്ല. മാതാവിന്റെയോ, പിതാവിന്റെയോ, സഹോദരന്റെയോ മക്കളുടെയോ മരണത്തിൽ മനംനൊന്തിരിക്കുന്ന ഭവനങ്ങളിൽനിന്നും പണം കൈപ്പറ്റുന്നവരേ, നിങ്ങൾക്ക് അയ്യോ കഷ്ടം. ഇതിനൊരു മാറ്റം വരണ്ടേ? ഈ മാറ്റം ആരിൽനിന്നു തുടങ്ങും. ചോദ്യം അവശേഷിക്കുകയാണ്. കൂട്ടുസഹോദരന്റെ മരണത്തിൽ വേദനിച്ചിരിക്കുന്ന ഹൃദയങ്ങളോട്, അവരുടെ ദുഃഖത്തിൽ പങ്കുചേരാൻ വരുന്നവരായാലും, അവരുടെ സമ്പത്തിന്റെ പങ്ക് മനസ്സിൽവച്ചുകൊണ്ട് കടന്നു വരരുതേ എന്നു ദയനീയമായി അപേക്ഷിക്കുന്നു. അത് ഈ ലോക മനുഷ്യരുടെ മുമ്പിൽപോലും യോഗ്യമല്ല എന്നത് എത്രയോ വാസ്തവം. നാം അവിടെ കടന്നുചെല്ലുന്നത് എന്തെങ്കിലും ശുശ്രൂഷ ചെയ്യാനാണല്ലോ? ശുശ്രൂഷ എന്തെന്ന് നമ്മുടെ കർത്താവിനോടു ചോദിച്ചാൽ കർത്താവ് പറയും: മനുഷ്യപുത്രൻ വന്നത് ശുശ്രൂഷ ചെയ്യിപ്പിക്കാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും അത്രെ; മർക്കോ: 10:45. എന്നിട്ടും കർത്താവിന് നയാപൈസയുടെ ലാഭമുണ്ടായില്ല. ദൈവത്തിന്റെ ദാനം വിലയ്ക്കു വിൽക്കരുത് എന്ന് പത്രൊസുതാനും ശിമോനോടു പഞ്ഞത് (അപ്പൊ: 8:20) നാം ഓർമ്മയിൽ സൂക്ഷിച്ചുകൊള്ളേണ്ടതുതന്നെ. ഒന്നോർത്തുനോക്കുക, നമ്മുടെ നാട്ടിൽ ഒരവിശ്വാസി മരിച്ചാൽ അവിടെ ചെയ്തു കൊടുക്കുന്ന സഹായത്തിനുകൂലി വാങ്ങുമോ? ഇല്ലെങ്കിൽ സ്വന്തസഹോദരഭവനത്തിൽനിന്നും കൂലിവാങ്ങുന്നതും യോഗ്യമോ? നിങ്ങൾക്കുതന്നെ ലജ്ജക്കായി ഞാൻ ചോദിക്കുന്നു. പ്രിയരേ, ഇത യോഗ്യം അയോഗ്യം അയോഗ്യം. കർത്താവിനെ കാണിച്ചു കൊടുത്ത ശുശ്രൂഷയിൽ പണം കൈപ്പറ്റിയ യൂദപോലും മരണശേഷം ആ പണം വലിച്ചെറിഞ്ഞപ്പോൾ, യൂദയെക്കാൾ തരം താണവരായി മരണവീടുകളിൽനിന്നും പടി മേടിക്കുന്നവർ ഭയപ്പെടേണം, കൊടുക്കുന്നവർ അതു നിർത്തണം. നിങ്ങൾ ശുശ്രൂഷയ്ക്കു കൂലിക്കാരെയല്ല, കൂട്ടുസഹോദരന്മാരെയാണു വിളിച്ചതെന്ന് ഓർക്കണം. ദൈവസ്നേഹത്തിൽ അന്യോന്യം ശുശ്രൂഷിക്കുന്നതിൽ മുന്നിട്ടുകൊള്ളേണം. പിന്നെ മരിച്ചാലേ വല്ലതും കൊടുക്കൂ എന്ന് നമ്മെക്കുറിച്ച് ആരും പറയാതിരിക്കട്ടെ. ഒരു സഹോദരൻ പറഞ്ഞതുപോലെ, അന്നെങ്കിലും ആ പൂട്ടൊന്നു തുറക്കട്ടെ സഹോദരാ.....

(കടപ്പാട്)

# സ്നേഹം വലിയ വരം

വി.കെ. വില്യംസ് തേനി

1 കൊരി. 12–ാം അധ്യായത്തിൽ അനേകവരങ്ങളെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവചനവരം, ഭാഷാവരം, വ്യാഖ്യാനവരം, രോഗശാന്തിവരം, പരിപാലനവരം സഹായം ചെയ്യാനുള്ള വരം വീര്യപ്രവർത്തിവരം ഉപദേശിക്കുന്നതിനുള്ള വരം ഇങ്ങനെയുള്ള പല വരങ്ങളും വലിയ വരമാണെന്നാണ് പലരും തെറ്റിദ്ധരിച്ചിരിക്കുന്നത്. ഈ വരങ്ങൾ പ്രാപിക്കാനും പുറെ പോകുവാനും ധാരാളം ആളുകൾ ഇന്നുണ്ട്. എന്നാൽ ഈ വരങ്ങൾ ഒന്നും പ്രധാനപ്പെട്ട വരങ്ങൾ എല്ല എന്നും സ്നേഹമാണ് അതിശ്രേഷ്ഠമായ വരം (മാർഗ്ഗം) The great gift of the Holy Spirit (1 Cor. 12 : 31)–ൽ എന്നും നമുക്ക് വായിക്കാൻ കഴിയും. Loves is the Best gift and Excellent way than all. മറ്റ് വരങ്ങൾ സാധിപ്പിക്കാത്ത കാര്യങ്ങൾ യഥാർത്ഥ സ്നേഹത്തിന് സാധിപ്പിക്കുവാൻ കഴിയും എന്നുള്ളതുകൊണ്ടാണ് സ്നേഹം ഒരു അതിശ്രേഷ്ഠ വരമായി അഥവാ മാർഗ്ഗമായി (Excellent way) ദൈവ വചനം പഠിപ്പിക്കുന്നത്... വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനിൽക്കുന്നു. ഇവയിൽ വലിയതോ സ്നേഹംതന്നെ 1 കൊരി. 13:13 എന്തുകൊണ്ട് സ്നേഹം വലിയ വരവും മാർഗ്ഗവുമായി ഇരിക്കുന്നു. മറ്റെല്ലാ വരങ്ങളും കാലാകാലങ്ങളിലായി മാറിപോയതും പോകുന്നതുമാണ്. എന്നാൽ സ്നേഹം മാത്രം നിലനിൽക്കുന്നതാണ്. സ്നേഹം തോൽക്കുന്നില്ല. സ്നേഹത്തിന്റെ മുമ്പിൽ എല്ലാം തോൽക്കുന്നു. സ്നേഹം ജയത്തിന്റെ ശക്തിയാണ്. സഹിഷ്ണുതയുടെ ശക്തിയാണ്. ആകയാൽ സ്നേഹം വലിയ വരമാണ്. വലിയ മാർഗ്ഗമാണ്. വലിയ ശക്തിയാണ്. സ്നേഹം എല്ലാം ക്ഷമിക്കുന്നു, സ്നേഹം എല്ലാം വിശ്വസിക്കുന്നു. സ്നേഹം എല്ലാം പ്രത്യാശിക്കുന്നു. സ്നേഹം എല്ലാം സഹിക്കുന്നു. (1 കൊരി: 13:7) ഏതുതെറ്റും ക്ഷമിക്കുവാൻ സ്നേഹത്തിനു മാത്രമേ സാധിക്കൂ. സ്നേഹത്തിന് സംശയമില്ല. എല്ലാം വിശ്വസിക്കും എല്ലാം പ്രത്യാശിക്കുന്നു അഥവാ കാത്തിരിക്കുന്നു. സ്നേഹം കൂടാതെ പ്രത്യാശ ഇല്ല. സ്നേഹത്തിന്റെ ശക്തിയാണ് പ്രത്യാശ. ക്രിസ്തുവിനോടുള്ള സ്നേഹം ക്രിസ്തുവിനായി നമ്മെ കാത്തിരുത്തുന്നു. സ്നേഹം എല്ലാം സഹിക്കുന്നു. കഷ്ടത, പീഡനങ്ങൾ, പ്രശ്നങ്ങൾ, പ്രതികൂലങ്ങൾ എല്ലാം സഹിക്കുവാൻ ശക്തി സ്നേഹം തരുന്നു. ആകയാൽ സ്നേഹത്തിന്റെ സമൃദ്ധിക്കായി പ്രാർത്ഥിക്കാം. കർത്താവ് കൃപതരട്ടെ.

# എഴുത്തുകൾ നിർത്തൂ...!!

(തുടർച്ച 1–ാം പേജ്)

ഇഷ്ടന്മാരുടെ മേച്ചിൽപ്പുറമായും മാറിയാൽ അതു ദൈവജനം അറിയരുതെന്നോ? വിശ്വാസികളിൽത്തന്നെ പല മേഖലകളായി വയസിന്റെയും മറ്റും മറ്റും വ്യത്യാസത്തിൽ വേർതിരിച്ചു സംഘടനകളുണ്ടാക്കി ആയുഷ്കാല നേതാക്കന്മാരായി മാറിമാറി ഭരിക്കയും പ്രസ്തുത ശുശ്രൂഷകൾ തങ്ങളോ, തങ്ങളുടെ അറിവോടെയോ, ചെയ്യാവൂ എന്നു കരുതുന്ന കപട ഉപദേഷ്ടാക്കളെയും നേതാക്കന്മാരായി സ്വയം ചമയുന്നവരെയും ജനം മനസിലാക്കണ്ടേന്നോ? മുമ്പു ഒന്നിൽ ചൂണ്ടിക്കാണിച്ചതുപോലെ ആണ്ടു പ്രസംഗകന്മാർക്കു അതിനുള്ള ചങ്കൂറ്റമില്ലെങ്കിൽ എഴുത്തുകാർകൂടി മിണ്ടാതായാൽ??? ദൈവം പ്രവർത്തിച്ചോളുമെന്നു ചിന്തിച്ചാൽ അതേ ദൈവമാണ് നാഥനെയും ഏലിയാവിനെയും യോഹന്നാനെയുമൊക്കെ നിയോഗിച്ചയച്ചതു എന്നതും വിസ്മരിക്കരുത്. എഴുത്തു പ്രസംഗം പോലെയുള്ളതൊരു നിയോഗമാണ്. അതു നിർവിഘ്നം തുടർന്നേ മതിയാകൂ.

ആത്മീയ വീക്ഷണവും അഭിവൃദ്ധിയും ലക്ഷ്യമാക്കിയുള്ള എഴുത്തുകാരും പ്രസംഗകരും നമുക്കുണ്ടാകട്ടെ. ക്രിസ്തീയ എഴുത്തുകാർ യാതൊരു പ്രതിഫലവും അതിന്റെ പേരിൽ വാങ്ങാതെയാണീ ശുശ്രൂഷ ചെയ്യുന്നതൊന്നും മറന്നുകൂടാ. അതു തിരിച്ചറിയുന്നതിനു പകരം നിർത്തുവാൻ ആവശ്യപ്പെടുന്നത് നിരർത്ഥകമാമണ്. വിമർശനത്തെ എതിർക്കുന്നത് ഭീരുത്വമാണ്.

പ്രിയരെ, നമുക്കൊന്നിച്ചുനിന്നു നമ്മുടെ ജനത്തിന്റെ ആത്മീയ ഭൗതീക അഭിവൃദ്ധിക്കായി പലതും ചെയ്യുവാനുണ്ട്. അതതിന്റെ പ്രാധാന്യവും ആരെയൊക്കെ എന്തൊക്കെ ഏല്പിച്ചിരിക്കുന്നു എന്നും തിരിച്ചറിഞ്ഞുകൊണ്ടു പ്രവർത്തിച്ചാൽ എല്ലാം ആവശ്യംതന്നെ. എല്ലാം ശ്രേഷ്ഠംതന്നെ.

(ലേഖകന്റെ ഫോൺ : 9961166767)

‘പ്രാദേശിക സഭയും ശിക്ഷണ നടപടിയും’
ലേഖനം അടുത്ത ലക്കം തുടരും


## തിരുവല്ല മെഡിക്കൽ മിഷൻ സ്കൂൾ ഓഫ് നേഴ്സിംഗ്

പി.ബി. നമ്പർ – 74, തിരുവല്ല – 689101. ഫോൺ : 0469 2626433, 9446792458

### ജനറൽ നഴ്സിംഗ് കോഴ്സ്

* 68–ാമതു ബാച്ചിലേക്ക് 40% കുറയാതെ മാർക്കോടുകൂടി (10+2) പാസ്സായ പെൺകുട്ടികളിൽനിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. പ്രായപരിധി 17 – 35.
* 200/– രൂപ നേരിട്ടടച്ചോ തിരുവല്ലെ മെഡിക്കൽ മിഷന്റെ പേരിലെടുത്ത 250/– രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് ഹാജരാക്കിയോ അപേക്ഷകൾ വാങ്ങാവുന്നതാണ്.
* ഇപ്പോൾ പഠനം ഫീസ് പിന്നീട് പദ്ധതിയുടെ സൗകര്യവും ലഭ്യമാണ്.



## Brethren Vision

EDITORIAL BOARD

Chief Editor:
K.S. Gopalakrishnan
Post Box No:2, Vagamon P.O.,
Idukki, Kerala- 685 503
Ph : 0485 - 2870353, 09400180373

Managing Editor
Samuel T. Philip (Moncy)
Thundathil House
Pandanad North P.O.,
Alappuzha- 689 124
Ph: 0479- 2427058, 09497674435

Associate Editor
Jose Philip
Ayrookuzhiyil House
Vettoor P.O.,
Pathanamthitta - 689 653
Ph : 0468 - 2333938, 94472 57038

Editors
T.V. Mathew
Logos Bhavan, Konipadu P.O.,
Melukavumattom,
Kottayam- 686 652
Mob: 09495543712

V.M. Paul
Vazhakalayil House,
S. Rajakumari P.O.,
Idukki- 685 619
Mob: 09446224941

V.K. Mathew
Palloorthekethil (H)
Kottarakara P.O.,
Kollam - 691 506
Ph: 0474 2454937

GULF REPRESENTATIVES

| | |
|---|---|
| Varghese Mathew | - Bahrain |
| Graham Varghese | - Dubai |
| Sam Jacob | - Muscut |
| M. T. John | - Sharjah |



RNI. Reg. No.KERMAL/2008/25331
Postal Reg.No. KL/TLA/227/2012-14
Posted at RMS Thiruvalla on 25th of every month
Printed and Published by : K.S. Gopalakrishnan
at Evees Press Muvattupuzha

If not delivered, Please return to:
Brethren Vision Magazine
Erappil House, Ooramana P.O.,
Muvattupuzha, Ernakulam Dist,
Kerala, India - 686 730